**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ ഭേദഗതി വരുത്തിക്കൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഗതിരഹിത കേരളം പദ്ധതി ചലഞ്ച് ഫണ്ട് തുക അനുവദിക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്) നം.183/2018/തസ്വഭവ തിരുവനന്തപുരം, തീയതി,06/12/2018**

---

പരാമർശം (1) 14/12/2017 ലെ സ.ഉ.(എം.എസ്) നം. 252/17/തസ്വഭവ

(2) 14/09/18 ലെ സ.ഉ.(എം.എസ്) നം 126/18/തസ്വഭവ

(3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.11.2018 ലെ 8696/എൻ1/2017/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

അഗതിരഹിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ 2.4.3, 2.4.5, 2.5.1, 2.5.2, 2.5.4, 2.5.9, 3.1.2, 4.1.2.3 എന്നീ ഖണ്ഡികകൾ ഭേദഗതി വരുത്തിക്കൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നല്കി ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവ് നല്കണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| മാർഗ്ഗരേഖയിൽ നിലവിലുള്ളത് | ഭേദഗതി വരുത്തിയത് |
|---|---|
| ഖണ്ഡിക 2.4.3<br>ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ (ഡിഎംസി) പരിശോധിച്ച പദ്ധതി ഡിഎംസിയുടെ ശുപാർശയോടെ സംസ്ഥാന മിഷനിൽ ഓൺലൈനായി സമർപ്പിക്കുകയും സർക്കാർ അംഗീകാരം നേടേണ്ടതുമാണ്. | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ (ഡിഎംസി) പരിശോധിച്ച പദ്ധതി ഡിഎംസിയുടെ ശുപാർശയോടെ സംസ്ഥാന മിഷനിൽ ഓൺലൈനായി സമർപ്പിക്കുകയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിന്നും അംഗീകാരം നേടേണ്ടതുമാണ്. |
| ഖണ്ഡിക 2.4.5<br>സർക്കാർ അംഗീകാരം ലഭിച്ച പദ്ധതിയുടെ പകർപ്പ്, സർക്കാർ അംഗീകാര ഉത്തരവ് സഹിതം പ്രിന്റെടുത്ത് സി.ഡി.എസ്സ്, തദ്ദേശഭരണ സ്ഥാപനം എന്നിവിടങ്ങളിൽ സൂക്ഷിക്കേണ്ടതാണ്. | കുടുംബശ്രീ സംസ്ഥാന മിഷന്റെ അംഗീകാരം ലഭിച്ച പദ്ധതിയുടെ പകർപ്പ്, സംസ്ഥാന മിഷന്റെ ഉത്തരവ് സഹിതം പ്രിന്റെടുത്ത് സി.ഡി.എസ്സ്, തദ്ദേശഭരണ സ്ഥാപനം എന്നിവിടങ്ങളിൽ സൂക്ഷിക്കേണ്ടതാണ്. |
| ഖണ്ഡിക 2.5.1<br>സംസ്ഥാന സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കി തുടങ്ങേണ്ടതാണ് . | കുടുംബശ്രീ സംസ്ഥാന മിഷൻ അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കി തുടങ്ങേണ്ടതാണ് . |
| ഖണ്ഡിക 2.5.9<br>പദ്ധതിയുടെ കാലാവധി പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നത് മുതൽ തുടർച്ചയായ 3 വർഷത്തേയ്ക്കായിരിക്കും. | പദ്ധതിയുടെ കാലാവധി പദ്ധതിയ്ക്ക് കുടുംബശ്രീ സംസ്ഥാന മിഷൻ അംഗീകാരം ലഭിക്കുന്നത് മുതൽ തുടർച്ചയായ 3 വർഷത്തേയ്ക്കായിരിക്കും |

| | |
|---|---|
| ഖണ്ഡിക 3.1.2<br>സർക്കാർ ഉത്തരവിൻ പ്രകാരം അംഗീകാരം ലഭിച്ച ചലഞ്ച് ഫണ്ട് തുകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കുടുംബശ്രീ അനുവദിച്ച ചലഞ്ച് ഫണ്ടിൽ ബാക്കിയുള്ള തുകയും പലിശയും ഇതിലേയ്ക്ക് വകയിരുത്തേണ്ടതാണ്. | കുടുംബശ്രീ സംസ്ഥാന മിഷൻ ഉത്തരവിൻ പ്രകാരം അംഗീകാരം ലഭിച്ച ചലഞ്ച് ഫണ്ട് തുകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അനുവദിച്ച ചലഞ്ച് ഫണ്ടിൽ ബാക്കിയുള്ള തുകയും പലിശയും ഇതിലേയ്ക്ക് വകയിരുത്തേണ്ടതാണ്. |

(3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അഗതിരഹിത കേരളം പദ്ധതിയ്ക്ക് അംഗീകാരം നല്കി ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

(4) പരാമർശിത (1) ലെ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനില്ക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല സി.എസ്
ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ